## കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - അന്ധ/വികലാംഗ/ബധിര വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ഫീസ് ആനുകൂല്യം, ബോർഡിംഗ് ചാർജ്ജ്, ഹോസ്റ്റൽ ചാർജ്ജ് - നിർദ്ദേശങ്ങൾ സംബന്ധച്ച് :

ഉത്തരവ് നം. എസ് 3/100915/2015/കോ.വി.വ തീയതി: 07.08.2015

പരാമർശം: സാമൂഹ്യ നീതി ഡയറക്ടറുടെ 08.07.2015 ലെ എച്ച് 1/28344/15 നമ്പർ കത്ത്.

### ഉത്തരവ്

കേരളസർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന അന്ധ/വികലാംഗ/ബധിര സ്കോളർഷിപ്പ് വാർഷികപദ്ധതി ആയതിനാൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുമ്പോൾ ഓരോ അക്കാദമിക്ക് വർഷങ്ങളിലും പുതിയ അപേക്ഷകൾ സമർപ്പിക്കണം. സ്കോളർഷിപ്പിന് അർഹതയുള്ള (അന്ധ/വികലാംഗ/ബധിര) വിദ്യാർത്ഥികളെ അറിയിക്കാൻ സ്ഥാപനമേധാവികൾ സ്കോളർഷിപ്പ് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. ഓൺലൈൻ അപേക്ഷകൾ സമയബന്ധിതമായി സൂക്ഷ്മപരിശോധന നടത്തി അംഗീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, അല്ലാത്ത പക്ഷം ഉണ്ടാകുന്ന ബാധ്യതകൾ സ്ഥാപനമേധാവിയുടെ ഉത്തരവാദിത്തമായിരിക്കും.

അന്ധ/വികലാംഗ/ബധിര സ്കോളർഷിപ്പ് ലഭ്യമാകുന്നതിനുള്ള കാലതാമസംകാരണം വിദ്യാർത്ഥിയുടെ ഉപരിപഠനത്തിനുള്ള സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിന്റെബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി, ഓൺലൈൻ രജിസ്ട്രേഷനിലൂടെ യോഗ്യതനേടിയ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് ലഭിക്കാൻ കാലതാമസം ഉണ്ടാവുകയാണെങ്കിൽ, സ്ഥാപനമേധാവികൾ (കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അറിയിച്ച് സ്കോളർഷിപ്പ് ഉറപ്പുവരുത്തുകയും) വിദ്യാർത്ഥിയിൽനിന്ന് ഉപരിപഠനത്തിനുള്ള മതിയായ തെളിവ് (അലോട്ട്മെന്റ് / ഇന്റർവ്യൂ കാർഡിന്റെ പകർപ്പ്) സഹിതമുള്ള അപേക്ഷ സ്വീകരിച്ച് ഉന്നതവിദ്യാഭ്യാസത്തിനാണെന്ന് ബോധ്യപ്പെട്ടാൽമാത്രം സത്യവാങ്മൂലംവാങ്ങി സൂക്ഷിച്ച് T.C. യും അനുബന്ധ സാക്ഷ്യപത്രങ്ങളും നൽകാവുന്നതാണ്.

(ഒപ്പ്)
ഡോ. തോമസ് കുരുവിള
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)

പകർപ്പ്:

1) സാമൂഹ്യ നീതി ഡയറക്ടർ, തിരവനന്തപുരം.
2) BPHFC സ്കോളർഷിപ്പ് രജിസ്റ്റർചെയ്ത എല്ലാ സ്ഥാപനമേധാവികൾക്കും (സ്കോളർഷിപ്പ് സൈറ്റ് നോട്ടിഫിക്കേഷനിലൂടെയുള്ള അറിയിപ്പ്)
3) സ്റ്റോക്ക് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്